# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.08.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). പാരിസ് ഒളിമ്പിക്സിലെ ഇന്ത്യൻ താരങ്ങളുടെ മികച്ച പ്രകടനം രാജ്യത്തെ അഭിമാനഭരിതമാക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

**Paris Olympics 2024 comes to an end with glittering closing ceremony; Prime Minister Narendra Modi says, all athletes have given their best and every Indian is proud of them.**

2) ഹിൻഡൻബർഗ് റിപ്പോർട്ടിലെ ആരോപണങ്ങൾ നിഷേധിച്ച് ഇന്ത്യൻ ഓഹരി നിയന്ത്രണ ഏജൻസിയായ സെബി.

**SEBI advises investors to remain calm and exercise due diligence before reacting to inaccurate reports like Hindenburg; Adani Group, SEBI chief and Industry leaders slam US short-seller's report.**

3) വയനാട് ദുരന്തത്തിൽ കാണാതായവർക്കായി ഇന്നും തിരച്ചിൽ തുടരുന്നു.

**Search Operations are continuing for the missing people in Wayanad landslide.**

4) തിരുവനന്തപുരത്ത് ഒരാൾക്ക് കൂടി അമീബിക്ക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. 10 പേർ ചികിത്സയിൽ.

**One more case of Amoebic Encephalitis reported in Kerala. 10 patients are under treatment.**

5) മദ്യനയ അഴിമതി കേസിൽ സിബിഐ അറസ്റ്റ് ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ സുപ്രീം കോടതിയെ സമീപിച്ചു.

**Delhi Chief Minister Arvind Kejriwal has filed a petition in the Supreme Court challenging the Delhi High Court order upholding his arrest by the Central Bureau of Investigation (CBI) in excise policy scam**

## 6) രാജസ്ഥാനിൽ മഴക്കെടുതിയിൽ മരണം 22 ആയി.

**Rain related incidents claim at least 22 lives in Rajasthan;**

$$$$$$$$$$$$$$$$$$

**HEADLINE-1**

**PM OLYMPICS**

പാരിസ് ഒളിമ്പിക്സിലെ ഇന്ത്യൻ താരങ്ങളുടെ മികച്ച പ്രകടനം രാജ്യത്തെ അഭിമാനഭരിതമാക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. താരങ്ങളുടെ പരിശ്രമങ്ങളെ പ്രകീർത്തിച്ച അദ്ദേഹം, തുടർന്നുള്ള വേദികളിലും മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ സാധിക്കട്ടേ എന്ന് ആശംസകളും നേർന്നു. പാരിസിലെ സ്റ്റാഡ് ദ് ഫ്രാൻസ് സ്റ്റേഡിയത്തിൽ ഇന്നലെ രാത്രിയാണ് രണ്ടര മണിക്കൂറിലേറെ നീണ്ട സമാപന ചടങ്ങുകൾ നടന്നത്. ഒളിമ്പിക്സ് വിജയകരമായി പര്യവസാനിച്ചതായി അന്താരാഷ്ട്ര ഒളിമ്പിക്സ് സമിതി പ്രസിഡന്റ് തോമസ് ബാഷ് ചടങ്ങിൽ പ്രഖ്യാപിച്ചു. 2028 ൽ അടുത്ത ഒളിമ്പിക്സിന് വേദിയാകുന്ന അമേരിക്കയിലെ ലോസ് ആഞ്ചലസ് നഗരത്തിൻറെ മേയർ കരേൻ ബാസ് ഒളിമ്പിക് പതാക ഏറ്റുവാങ്ങി. 1932-നും 1984-നും ശേഷം മൂന്നാം തവണയാണ് ലോസ് ആഞ്ചൽസ് ഒളിമ്പിക്സിന് വേദിയാകുന്നത്. പി.ആർ ശ്രീജേഷും, മനു ഭാക്കറും സമാപന ചടങ്ങിൽ ഇന്ത്യൻ പതാകയേന്തി. മലയാളി ഗോൾകീപ്പർ പി ആർ ശ്രീജേഷിന്റെ വിരമിക്കലിന് കൂടിയാണ് പാരീസ് ഒളിമ്പിക്സ് വേദിയായത്. ഒരു വെള്ളിയും അഞ്ച് വെങ്കലവുടക്കം ആറ് മെഡലുകളാണ് ഇന്ത്യ നേടിയത്. 40 സ്വർണവും, 44 വെള്ളിയുമുൾപ്പെടെ 126 മെഡലുകളുമായി അമേരിക്ക ഒളിമ്പിക്സിൽ ഒന്നാമതെത്തി. ചൈനയും ജപ്പാനും ഓസ്ട്രേലിയും ഫ്രാൻസുമാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ. ഒളിമ്പിക്സിൽ 71-ാം സ്ഥാനത്താണ് ഇന്ത്യ ഫിനിഷ് ചെയ്തത്. വനിതകളുടെ ഗുസ്തിയിൽ വിനേഷ് ഫോഗട്ടിന്റെ ഫൈനലിന് തൊട്ട് മുമ്പുള്ള അയോഗ്യത പാരീസിൽ ഇന്ത്യൻ സ്വപ്നങ്ങൾക്ക് മങ്ങലേല്പിച്ചു.

$$$$$$$$$$$$$$$$$$

**HEADLINE-2**

**SEBI**

ഹിൻഡൻബർഗ് റിപ്പോർട്ടിലെ ആരോപണങ്ങൾ നിഷേധിച്ച് ഇന്ത്യൻ ഓഹരി നിയന്ത്രണ ഏജൻസിയായ സെബി. ഓഹരി നിക്ഷേപവും കൈമാറ്റവും സംബന്ധിച്ച വിവരങ്ങൾ, സെബി മേധാവി കൃത്യമായി വെളുപ്പെടുത്തിയിട്ടുണ്ടെന്നും, താത്പര്യ വൈരുധ്യങ്ങൾ പരിശോധിക്കാൻ സെബിയ്ക്ക് അഭ്യന്തര സംവിധാനമുണ്ടെന്നും വിശദീകരണത്തിൽ പറയുന്നു. നിക്ഷേപകർ പരിഭ്രാന്തരാകേണ്ടതില്ലെന്നും, ഇത്തരം റിപ്പോർട്ടുകളെ ശ്രദ്ധയോടെ വേണം സമീപിക്കാനെന്നും സെബി വ്യക്തമാക്കി. അമേരിക്കൻ ഓഹരി ഗവേഷണ സ്ഥാപനമായ ഹിൻഡൻബർഗ്, അദാനി ഗ്രൂപ്പിനെതിരെ നടത്തിയ ആരോപണങ്ങൾ സെബി പരിശോധിച്ചതാണ്. ഇന്ത്യൻ ഓഹരി വിപണിയുടെ വിശ്വസ്തതയും വളർച്ചയും ഉറപ്പുവരുത്താൻ സെബി പ്രതിജ്ഞാബദ്ധമാണെന്നും പ്രസ്താവനയിൽ പറയുന്നു. ഹിൻഡൻബർഗ് റിപ്പോർട്ടിലെ ആരോപണങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് അദാനി ഗ്രൂപ്പ് വ്യക്തമാക്കി. ആരോപണങ്ങൾ വസ്തുതാവിരുദ്ധമാണെന്ന് മുൻപ് തന്നെ തെളിഞ്ഞതാണെന്നും, സുപ്രീംകോടതി തന്നെ ഇത് തള്ളിക്കളഞ്ഞതാണെന്നും അദാനി ഗ്രൂപ്പ് പറഞ്ഞു. സെബി മേധാവി മാധബി ബുച്ചും, ഭർത്താവ് ധവാൽ ബുച്ചും റിപ്പോർട്ടിലെ ആരോപണങ്ങൾ നിഷേധിച്ചു. ഹിൻഡൻബർഗിനെതിരായ നിയമ നടപടികളുടെ പശ്ചാത്തലത്തിൽ, വ്യക്തിഹത്യയ്ക്കുള്ള ശ്രമമാണിതെന്നും അവർ പറഞ്ഞു. ഇന്ത്യൻ മ്യൂച്വൽ ഫണ്ട് അസോസിയേഷനും റിപ്പോർട്ടിനെതിരെ രംഗത്തുവന്നു. ഇന്ത്യയുടെ വളർച്ചാപാതയിൽ തടസ്സം സൃഷ്ടിക്കാനുള്ള ശ്രമമാണിതെന്ന് സംഘടന പ്രസ്താവനയിലൂടെ ചൂണ്ടിക്കാട്ടി.

$$$$$$$$$$$$$$$$$$

**HEADLINE-3**

**WAYANAD SEARCH – INTRO**

വയനാട് ദുരന്തത്തിൽ കാണാതായവർക്കു വേണ്ടി തിരച്ചിൽ ഇന്നും തുടരുന്നു. മൃതദേഹവശിഷ്ടങ്ങൾ കണ്ടെടുത്ത സൂചിപ്പാറ പരപ്പൻപാറ മേഖലകളിലാണ് സന്നദ്ധപ്രവർത്തകരും ഫയർഫോഴ്സും അടങ്ങുന്ന സംഘം തിരച്ചിൽ നടത്തുന്നത്. മലപ്പുറം ജില്ലയിൽ ചാലിയാറിൽ തിരച്ചിൽ നടത്തുന്നു.

**വിശദാംശങ്ങളുമായി വയനാട് നിന്ന് ആകാശവാണി ജില്ലാപ്രതിനിധി അരുൺ വിൻസെൻറ്**

**(വോയ്സ്............)**

$$$$$$$$$$$$$$$$$$

**HEADLINE-4**

**AMOEBIC**

തിരുവനന്തപുരത്ത് ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. ഇതോടെ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലുള്ളവരുടെ എണ്ണം പത്തായി.

നാവായിക്കുളം സ്വദേശിനിയ്ക്കാണ് ഇന്നലെ രോഗം സ്ഥിരീകരിച്ചത്. അടുത്തിടെ ഇവർ തോട്ടിൽ കുളിച്ചതായി ആരോഗ്യപ്രവർത്തകരോട് പറഞ്ഞിരുന്നു. രോഗ ലക്ഷണങ്ങളുണ്ടെങ്കിലും ഇവർക്ക് മറ്റ് ആരോഗ്യ പ്രശ്നങ്ങളില്ലെന്നാണ് ആശുപത്രിയിൽ നിന്നും ലഭിക്കുന്ന വിവരം.

$$$$$$$$$$$$$$$$$$

**HEADLINE-5**

**KEJRIWAL – SC**

മദ്യനയ അഴിമതി കേസിൽ സിബിഐ അറസ്റ്റ് ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ സുപ്രീം കോടതിയെ സമീപിച്ചു. സിബിഐ അറസ്റ്റിനെതിരായി കെജ്രിവാൾ നൽകിയ ഹർജി ഡൽഹി ഹൈക്കോടതി തള്ളിയ പശ്ചാത്തലത്തിലാണ് സുപ്രീം കോടതിയെ സമീപിച്ചത്. കേസ് എത്രയും വേഗം പരിഗണിക്കണമെന്നും കെജ്രിവാളിൻറെ അഭിഭാഷകൻ അഭിഷേക് മനു സിങ്‌വി ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡിനോട് അപേക്ഷിച്ചു.

$$$$$$$$$$$$$$$$$$

**PM-ELEPHANT**

ഇന്ന് ലോക ഗജ ദിനം. ആനകളുടെ സംരക്ഷണത്തിൻറെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനാണ് ദിനാചരണം സംഘടിപ്പിച്ചു വരുന്നത്. ആനകളുടെ സംരക്ഷണത്തിനായി നടക്കുന്ന വിവിധ പ്രവർത്തനങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. രാജ്യത്തിൻറെ സംസ്കാരവുമായും, ചരിത്രവുമായും ആനകൾ ഏറെ

ബന്ധപ്പെട്ടിരിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ആനകൾക്ക് നിലനിൽക്കുന്നതിനാവശ്യമായ ആവാസവ്യവസ്ഥ ഒരുക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധതയും അദ്ദേഹം വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$

**IOA-DEFENDS PARDIWALA**

പാരിസ് ഒളിമ്പിക്സിൽ വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയതിൽ, മെഡിക്കൽ ടീമിനെയോ മെഡിക്കൽ ഓഫീസർ ഡോ ദിൻഷാ പർദിവാലയെയോ കുറ്റപ്പെടുത്തേണ്ടതില്ലെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡൻറ് പി ടി ഉഷ. ഗുസ്തി, ബോക്സിങ്, ജൂഡോ തുടങ്ങിയ ഇനങ്ങളിൽ ഭാരം നിയന്ത്രിക്കേണ്ട ഉത്തരവാദിത്തം അതത് താരങ്ങൾക്കും കോച്ചിങ് ടീമിനുമാണെന്നും അവർ പറഞ്ഞു. അത്‌ലറ്റുകൾക്ക് മത്സരവേളയിലുണ്ടാകുന്ന പരിക്കുകളിൽ പരിഹാരം കാണുക എന്നതാണ് മെഡിക്കൽ ഓഫീസറുടെ പ്രഥമ ഉത്തരവാദിത്തമെന്നും ഐഒഎ വ്യക്തമാക്കി. 50 കിലോ ഗുസ്തിയിലാണ് ഫൈനലിന് തൊട്ടുമുൻപ് വിനേഷ് ഫോഗട്ടിനെ ഭാരക്കൂടുതലെന്ന കാരണം കാണിച്ച് അയോഗ്യയാക്കിയത്. വെള്ളിമെഡൽ നൽകണമെന്ന് ആവശ്യപ്പെട്ട് വിനേഷ് നൽകിയ പരാതിയിൽ, കായികതർക്കങ്ങൾ പരിഹരിക്കുന്ന പ്രത്യേക കോടതി, തീരുമാനം പ്രഖ്യാപിക്കാൻ ഇരിക്കുകയാണ്.

$$$$$$$$$$$$$$$$$$$

**PM - MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി, ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25-ന് പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 113-ആം പതിപ്പാണിത്. പരിപാടിയിലേക്കുള്ള പൊതുജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നമോ ആപ്പിലൂടെയോ MyGov ഓപ്പൺ ഫോറം വഴിയോ അറിയിക്കാവുന്നതാണ്. ഈ മാസം 23 ആണ് ആശയങ്ങൾ നൽകാനുള്ള അവസാന തിയതി. .

$$$$$$$$$$$$$$$$$$$

**REV. BIHAR STAMPED**

ബീഹാറിലെ ജെഹാനാബാദ് ജില്ലയിലെ ബാബ സിദ്ധേശ്വർ നാഥ് ക്ഷേത്രത്തിലുണ്ടായ തിക്കിലും തിരക്കിലും പെട്ട് ഏഴ്പേർ മരിച്ചു. 16 പേർക്ക് പരിക്കേറ്റു. പുലർച്ചെ ഒരു മണിയോടെയാണ് സംഭവം . സാവൻ മാനത്തിലെ തിങ്കളാഴ്ച ആയിരുന്നതിനാൽ ക്ഷേത്രത്തിൽ ധാരാളം ഭക്തർ തടിച്ചുകൂടിയിരുന്നു. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് നാല് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ ധനസഹായം പ്രഖ്യാപിച്ചു.

$$$$$$$$$$$$$$$$$$

**HEADLINE-6**

**RAJASTHAN - RAIN**

രാജസ്ഥാനിൽ മഴക്കെടുതിയിൽ മരിച്ചവരുടെ എണ്ണം 22 ആയി. ജയ്പൂർ, സവായ് മധോപൂർ, ദൗസ തുടങ്ങിയ പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമാണ്. സ്ഥിതിഗതികൾ മുഖ്യമന്ത്രി ഭജൻലാൽ ശർമ്മയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം വിലയിരുത്തി.

$$$$$$$$$$$$$$$$$$

**GANGA-FLOOD**

ബിഹാറിൽ ഗംഗ, പുൻപുൻ നദികളുടെ ജലനിരപ്പ് അപകടനിലയ്ക്കു മുകളിൽ തുടരുന്നു. മാനേർ, ദീഗാ ഘാട്ട്, ഗാന്ധി ഘാട്ട്, ഹതിദഗ് എന്നിവിടങ്ങളിൽ ഗംഗാ നദിയുടെ ജലനിരപ്പ് ഉയർന്ന പശ്ചാത്തലത്തിൽ വെള്ളപ്പൊക്ക മുന്നറിയിപ്പ് നൽകി. അർവൽ, ശ്രീപാൽപൂർ എന്നിവടങ്ങളിൽ പുൻപുന്ധ നദിയുടെ ജലനിരപ്പ് ഉയർന്നിട്ടുണ്ട്. മുഖ്യമന്ത്രി നിതീഷ് കുമാർ പ്രദേശം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

$$$$$$$$$$$$$$$$$$

**RAIN KERALAM**

കേരളത്തിലെ വിവിധ ജില്ലകളിൽ അടുത്ത അഞ്ച് ദിവസം ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴി

ക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. നാളെ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ഈമാസം 15 വരെ കേരള-ലക്ഷദ്വീപ് തീരത്ത് മത്സ്യത്തൊഴിലാളികൾ കടലിൽ പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

$$$$$$$$$$$$$$$$$$

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികൾ ഇന്ന് നഷ്ടത്തിൽ വ്യാപാരം ആരംഭിച്ചെങ്കിലും പിന്നീട് നേട്ടത്തിലെത്തി. ബോംബെ ഓഹരി സൂചിക സെൻസെക്സ് 140പോയിന്റ് ഉയർന്ന് 79,827 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 15 പോയിന്റ് നേട്ടത്തിൽ 24,385 ലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. സ്വർണ്ണ വില കൂടി. പവന് 200 രൂപ വർധിച്ച് 51,760 രൂപയും, ഗ്രാമിന് 25 രൂപ കൂടി 6,470 രൂപയാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$

**MULLAPPERIYAR – IDUKKI**

വയനാട്ടിലെ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതത്വം വിലയിരുത്താൻ അധികൃതർ യോഗം ചേരുന്നു. ഇടുക്കി കളക്ടറേറ്റിൽ മന്ത്രി റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിലാണ് യോഗം. എംപിയും എംഎൽഎമാരും പങ്കെടുക്കുന്നുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിലെ ആശങ്കകളും തുടർനടപടികളും ചർച്ച ചെയ്യും.

$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$